പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 233 23.01.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പരിശീലനം**

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ ആർക്കൊക്കെയാണ് ട്രെയിനിംഗ് നൽകുന്നത്; ഇതിന് നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ട്രെയിനിംഗ് സെന്ററുകൾ എവിടെയൊക്കെ പ്രവർത്തിച്ച് വരുന്നു; ഒരു ജീവനക്കാരന് തന്റെ സർവ്വീസ് കാലയളവിൽ എത്ര തവണ ട്രെയിനിംഗ് സെന്ററുകൾ വഴി പരിശീലനം നൽകുന്നു; വ്യക്തമാക്കാമോ | (എ) | കെ.എസ്.ആർ.റ്റി.സി.യിൽ നിലവിൽ ഓപ്പറേറ്റിംഗ്, മെക്കാനിക്കൽ, മിനിസ്റ്റീരിയൽ എന്നീ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. ആയതിനായി തിരുവനന്തപുരം, അങ്കമാലി, എടപ്പാൾ എന്നീ കേന്ദ്രങ്ങളിൽ സ്റ്റാഫ് ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ കോർപ്പറേഷന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. |
| (ബി) | ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവ് ഏതൊക്കെ രീതിയിൽ ഏതൊക്കെ തലക്കെട്ടിൽ നിന്ന് ചെലവഴിക്കുന്നു; ഇതിനുള്ള മുഴുവൻ ചെലവും കെഎസ്ആർ.ടി.സിയാണോ വഹിക്കുന്നത് ; അല്ലെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | പദ്ധതി വിഹിതത്തിൽ നിന്നുമാണ് ജീവനക്കാരുടെ പരിശീലനത്തിനുള്ള തുക കണ്ടെത്തുന്നത്. 5055-00-190-99 എന്ന ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. ഇതിന് പുറമേ പെട്രോളിയം കമ്പനികൾ, വാഹന നിർമ്മാതാക്കൾ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട് എന്നിവർ അവരുടെ ചെലവിൽ കെ.എസ്.ആർ.ടി.സി. യിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെഎസ്ആർടിസി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് സ്വകാര്യ കമ്പനികളെയോ അതിലെ ജീവനക്കാരെയോ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിനുള്ള അടിയന്തര സാഹചര്യം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ; | (സി) യും (ഡി) യും | സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യും മഹീന്ദ്രാ & മഹീന്ദ്രായുടെ മഹീന്ദ്രാ പ്രൈഡ് സ്കൂളുമായി സംയോജിച്ച് 2017 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ 4,000 ത്തോളം കണ്ടക്ടർ വിഭാഗം ജീവനക്കാർക്കായി വ്യക്തിമര്യാദകളെ കുറിച്ചും, യാത്രക്കാരോടുള്ള പെരുമാറ്റത്തെ കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. ഈ വകയിൽ ജീവനക്കാർക്ക് ഭക്ഷണ ചെലവല്ലാതെ മറ്റൊരു സാമ്പത്തിക ചെലവും കെ.എസ്.ആർ.ടി.സി. വഹിച്ചിട്ടില്ല. |
| (ഡി) | സ്വകാര്യ കമ്പനി പരിശീലനം നൽകിയ വകയിൽ കെഎസ്ആർടിസിയ്ക്ക് സാമ്പത്തിക ചെലവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉണ്ടായ ചെലവിന്റെ കണക്ക് നൽകുമോ; ഏതെല്ലാം വകയിൽ ആർക്കൊക്കെയാണ്. കെഎസ്ആർടിസിയുടെ തുകയോ മറ്റ് ദ്രവ്യങ്ങളോ നൽകേണ്ടി വന്നിട്ടുള്ളതെന്നതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**